LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് വകുപ്പിൽ പോലീസ് ഡ്രൈവർമാരുടെ അംഗബലം കൂട്ടുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മറ്റ് ശിപാർശകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള പോലീസിൽ വാഹനങ്ങളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ കൂടാതെ 140 ഓളം ടെക്നിക്കൽ കാറ്റഗറിയിലുള്ള ഉദ്യോഗസ്ഥരെയുമാണ് അനുവദിച്ചിട്ടുള്ളത്.

ക്രമ നമ്പർ	തസ്തികയുടെ പേര്	തസ്തികകളുടെ എണ്ണം
1	സൂപ്രണ്ട് ഓഫ് പോലീസ്	2
2	ഡിവൈ.എസ്.പി.	5
3	മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ	7
4	മോട്ടോർ ട്രാൻസ്പോർട്ട് എസ്.ഐ	7
5	ഡ്രൈവർ എസ്.ഐ.	30

ഇവരുടെ മേൽനോട്ടത്തിലാണ് പോലീസ് ഡിപ്പാർട്ടുമെന്റിലെ വാഹനങ്ങൾ പരിപാലിച്ചുപോകുന്നത്. കൂടാതെ, പ്രസ്തുത വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി എം.എസ്.പി റേഞ്ച് വർക്ക്ഷോപ്പ്, തിരുവനന്തപുരം എസ്.എ.പി കാമ്പസിലുള്ള സെൻട്രൽ പോലീസ് വർക്ക് ഷോപ്പുകളും പ്രവർത്തിക്കുന്നു.

(സി) സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും കാലപ്പഴക്കം ചെന്നതും ഉപയോഗ യോഗ്യമല്ലാത്തതുമായ വാഹനങ്ങൾ സർക്കാർ ചട്ടങ്ങൾക്കനുസൃതമായി കാലതാമസം കൂടാതെ condemnation നടത്തി ലേലനടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവി യൂണിറ്റ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കഞ്ചാവ് കൈവശം വച്ചതായുള്ള വ്യാജ പരാതി

194 (3705) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ കഞ്ചാവ് കൈവശം വച്ചെന്ന വ്യാജേന കേസിൽപ്പെടുത്താൻ ഗൂഡാലോചന നടത്തിയ സംഭവത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 31704/ എസ്.എസ്.എ 1/2012/ഹോം നമ്പർ ഫയലിൽ സംസ്ഥാന പോലീസ് മേധാവിക്ക് കത്തും 11-9-2013, 29-10-2013, 24-2-2015, 9-6-2015 തീയതികളിൽ ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും റിപ്പോർട്ട് ഇതുവരെ ലഭ്യമാക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) റിപ്പോർട്ട് 14-12-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സമാന്തര പോലീസ് സംവിധാനം

195 (3706) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽനിന്നും റിട്ടയർ ചെയ്ത എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥൻ സമാന്തര പോലീസ് സംവിധാനം നടത്തിവരുന്നതായുള്ള വാർത്ത ശരിയാണോ; വിശദമാക്കുമോ; ഇക്കാര്യത്തിൽ പോലീസ് വകുപ്പ് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ സർക്കാർ സമർപ്പിച്ച റിപ്പോർട്ടിലെ വിശദീകരണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാർത്ത ശരിയാണെങ്കിൽ പ്രസ്തുത റിട്ട.എസ്.പി.ക്കെതിരെ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സമാന്തര പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നതായി ഏതെങ്കിലും അന്വേഷണ റിപ്പോർട്ടുകളിൽ നിന്നോ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്ന കേസ്സുകളിൽ നിന്നോ വെളിവായിട്ടില്ലാത്തതാണ്. സമാന്തര പോലീസ് സ്റ്റേഷൻ നടത്തി വരുന്നതായി പോലീസിനു പരാതികളോ റിപ്പോർട്ടുകളോ ലഭിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്.
GPM. 2/235/2020-35

LIBRARY ARCHIVES Kerala Legislative Assembly